**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 162** **27-06-2022 - ൽ മറുപടിയ്ക്ക്**

**പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തുകയും മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കിയതിനെയും തുടർന്ന് രോഗികൾ കൂടുതലായി പ്രസ്തുത ആരോഗ്യകേന്ദ്രങ്ങളെ ആശ്രയിക്കുന്നതുമൂലം ഡോക്ടർമാർ നിർദ്ദേശിക്കുന്ന മരുന്നുകൾ എല്ലാ രോഗികൾക്കും സൗജന്യമായി ലഭ്യമാക്കാൻ സാധിക്കാതെ വരുന്ന സാഹചര്യം ഉണ്ടാകുന്നുണ്ടോ എന്ന് അറിയിക്കാമോ; | (എ) | നിലവിൽ ഉണ്ടാകുന്നില്ല. ആരോഗ്യ വകുപ്പിന് കീഴിലുള്ള സർക്കാർ ആശുപത്രികളിൽ ആവശ്യമായ എല്ലാ മരുന്നുകളും സംസ്ഥാന സർക്കാരിന്റെ മരുന്നു സംഭരണ വിതരണ ഏജൻസിയായ കെ.എം.എസ്.സി.എൽ പൊതുവിപണിയേക്കാൾ കുറഞ്ഞ വിലയിൽ സംഭരിച്ച് വിതരണം ചെയ്തു വരുന്നു. ഇത് വഴി മരുന്നുകളുടെ ലഭ്യതയില്ലാത്ത അവസരങ്ങളിൽ സ്ഥാപനങ്ങൾ നേരിട്ട് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽ നിന്നും ലോക്കൽ പർച്ചേസ് മുഖാന്തിരം ആവശ്യത്തിന് വാങ്ങി രോഗികൾക്ക് നിലവിൽ ലഭ്യമാക്കി വരുന്നു. |
| (ബി) | ജീവിതശൈലീ രോഗങ്ങളടക്കമുള്ളതിനുള്ള മരുന്നുകളുടെ ലഭ്യത ഉറപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള ക്രമീകരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (ബി) | സംസ്ഥാനത്ത് നിലനിൽക്കുന്ന പ്രത്യേക ജീവിത സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ ജീവിതശൈലി രോഗങ്ങൾ എല്ലാ വിഭാഗം ജനങ്ങളുടെ ഇടയിലും വർദ്ധിച്ച് വരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. സംസ്ഥാന ആരോഗ്യ വകുപ്പിന് കീഴിലുള്ള ജീവിതശൈലി രോഗനിയന്ത്രണ പദ്ധതിയിലൂടെ ലഭിക്കുന്ന മെച്ചപ്പെട്ട സേവനങ്ങൾ കൊണ്ടും ജീവിതശൈലി രോഗങ്ങൾക്കുള്ള പ്രതിശീർഷ ചെലവുകൾ ക്രമാതീതമായി വർദ്ധിച്ചതു കൊണ്ടും കൂടുതൽ ജനങ്ങൾ ആരോഗ്യ വകുപ്പിനെ ആശ്രയിക്കുന്ന സ്ഥിതി വിശേഷമാണ് ഇപ്പോൾ നിലവിലുള്ളത്. ഇത് ജീവിതശൈലീരോഗങ്ങൾ നിയന്ത്രിക്കുന്നതിനുള്ള മരുന്നുകളുടെ ആവശ്യകത ഉയർത്തുന്നതിന് കാരണമാകുകയും ചെയ്തു. ഈ അവസ്ഥ പരിഹരിക്കുന്നതിനായി സംസ്ഥാന ആരോഗ്യവകുപ്പ് തയ്യാറാക്കിയ ചികിത്സ പ്രോട്ടോക്കോൾ പ്രകാരമുള്ള മരുന്നുകൾ കൂടുതൽ ലഭ്യമാകുന്നതിന് നടപടി<br><br>സ്വീകരിക്കുകയുണ്ടായി. ആശുപത്രികൾ തയ്യാറാക്കുന്ന വാർഷിക ഇൻഡന്റുകളിലൂടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള |

| | | | |
|---|---|---|---|
| | | | പ്രത്യേക പദ്ധതികളിലൂടെയും സംസ്ഥാന ആരോഗ്യ വകുപ്പിന്റെ പ്ലാൻ ഫണ്ട് വഴിയും ദേശീയ ആരോഗ്യ ദൗത്യത്തിന്റെ പിഐപി വഴിയും ജീവിതശൈലീ രോഗങ്ങൾക്കുള്ള മരുന്നുകൾ സംഭരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇൻസുലിൻ ഉൾപ്പെടെയുള്ള മരുന്നുകൾ പ്രാഥമിക ആരോഗ്യതലം വരെ സൗജന്യമായാണ് എൻസിഡി ക്ലിനിക്കുകളിൽ നൽകി വരുന്നത്. എൻസിഡി മരുന്നുകളുടെ ലഭ്യതയും പ്രതിമാസ ഉപഭോഗവും നിരീക്ഷിക്കുന്നതിന് ആരോഗ്യവകുപ്പിൽ പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ